# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം - 33

നമ്പർ:- ***F-1707/2023/KSBSG*** തീയതി: **13-07-2023**

സ്വീകർത്താവ്

**എല്ലാ ജില്ലാ സെക്രട്ടറിമാർ/ഡി.ഒ.സി. മാർ**

സർ/മാഡം,

***വിഷയം:- കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് - രാജ്യപുരസ്ക്കാർ സ്കൗട്ട്/ഗൈഡ്/റോവർ/റേഞ്ചർ, ഗോൾഡൻ ആരോ അപേക്ഷ, സി.എം. ഷീൽഡ് അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച്***

2023-24 വർഷത്തെ രാജ്യപുരസ്ക്കാർ സ്കൗട്ട്/ഗൈഡ്/റോവർ/റേഞ്ചർ സംസ്ഥാന തല ടെസ്റ്റ് 2023 ഡിസംബർ 8, 9, 10 തീയതികളിലായി നടത്തുന്നു. ഇതിന്റെ ഗ്രൂപ്പ് റിക്കോർഡ് വെരിഫിക്കേഷൻ 2023 സെപ്തംബർ ആദ്യവാരം മുതൽ ആരംഭിക്കുന്നു. ആഗസ്റ്റ് 15 ന് മുൻപായി നിപുൺ പാസ്സായ റോവർ/റേഞ്ചർ കുട്ടികളുടെ ലിസ്റ്റ് അതാത് എ.എസ്.ഒ.സി. മാർക്ക് നൽകേണ്ടതാണ്. നിപുൺ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള യൂണിറ്റുകളുടേയും, ത്രിതീയ സോപാൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള യൂണിറ്റുകളുടെയും, തൃതീയ ചരൺ/സുവർണ്ണ പംഖ് ലിസ്റ്റിലുള്ള യൂണിറ്റുകളുടെയും ഗ്രൂപ്പ് റിക്കോർഡ് ബുക്ക് എ.എസ്.ഒ.സി. മാർ പരിശോധിക്കുന്നതാണ്.

2023-24 വർഷത്തെ ഗോൾഡൻ ആരോ അപേക്ഷകൾ 30-08-2023 ന് മുൻപായി നിർദ്ദിഷ്ട ഫോമിൽ (രണ്ട് സെറ്റ് ഫോമുകൾ) നിർബന്ധമായും പൂരിപ്പിച്ച് ആവശ്യമായ സാക്ഷ്യപ്പെടുത്തലുകളോടു കൂടി സംസ്ഥാന കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ഫോമുകൾ പൂരിപ്പിക്കുമ്പോൾ പതിനാലാമത്തെ ഇനം Venue അതാത് DHQ ഉം തീയതി 10-02-2023 മുതൽ 12-02-2023 ആയും എഴുതണം.. ചതുർത്ഥ ചരൺ/ഹീരക് പംഖ് പൂർത്തീകരിച്ച തീയതി 12-02-2023 എന്ന് രേഖപ്പെടുത്തണം.

ഹയർ സെക്കന്ററി ചീഫ് മിനിസ്റ്റർ ഷീൽഡ് കോമ്പറ്റീഷന് പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ്, അപേക്ഷാ ഫോം, രജിസ്ട്രേഷൻ ഫീ 100/- രൂപ എന്നിവ 2023 ആഗസ്റ്റ് 30 നുള്ളിൽ സംസ്ഥാന കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. വൈകി വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കുട്ടികളുടെ ലിസ്റ്റിന്റെ പകർപ്പ് അതാത് എ.എസ്.ഒ.സി. മാർക്കും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033

14/7/23

**സംസ്ഥാന സെക്രട്ടറി**